പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4637.

18.12.2014 ൽ മറുപടിയ്ക്ക്

## എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ് എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽ.എസ്. എസ്, യു.എസ്.എസ്, എൻ.എം.എം.എസ് എന്നീ സ്കോളർഷിപ്പ് പരീക്ഷകൾ എത്ര വിദ്യാർത്ഥികൾ എഴുതുന്നുണ്ട് എന്നും എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട് എന്നും അറിയിക്കുമോ; | (എ) എൽ.എസ്. എസ് പരീക്ഷ എഴുതിയവർ - 66147, അർഹത നേടിയവർ - 2997<br>യു.എസ്.എസ്, പരീക്ഷ എഴുതിയവർ - 67793, അർഹത നേടിയവർ - 1549<br>എൻ.എം.എം.എസ് പരീക്ഷ എഴുതിയവർ - 22289, സ്കോളർഷിപ്പ് അനുവദിക്കുന്നത് 3473 (നിശ്ചിത എണ്ണം) |
| (ബി) ഓരോ സ്കോളർഷിപ്പുകളും എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (ബി) എൽ.എസ്. എസ്- 100/-രൂപ, യു.എസ്.എസ്- 150/- രൂപ (3 വർഷം)<br>എൻ.എം.എം.എസ് -6000/-രൂപ(4 വർഷം) |
| (സി) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) സ്കോളർഷിപ്പു തുക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) ഉണ്ട്. പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് തുക വിതരണം നടത്തുന്നതിലേയ്ക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അലോട്ട്മെന്റ് നൽകുകയും അർഹമായ കുട്ടികൾക്ക് തുക വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകി പരാതികൾ പരിഹരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 2011-12 വർഷത്തെ എൻ.എം.എം.എസ് സ്കോളർഷിപ്പ് തുക ഇനിയും എത്ര വിദ്യാർത്ഥികൾക്ക് നൽകാനുണ്ട് എന്നു വ്യക്തമാക്കുമോ; കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | (ഇ) | കേന്ദ്ര സർക്കാർ ബാങ്ക് അക്കൗണ്ട് വഴി കുട്ടികൾക്ക് നേരിട്ട് നൽകുന്നതുമൂലം, തെറ്റായ അക്കൗണ്ട് നമ്പർ നൽകുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർ ഷിപ്പ് നിരസിക്കുന്നത്. നിരസിച്ച ലിസ്റ്റിലുള്ള കുട്ടികളുടെ ശരിയായ അക്കൗണ്ട് നമ്പർ ചേർത്ത് വീണ്ടും നൽകിയിട്ടുണ്ട്. അക്കൗണ്ട് നമ്പരിലെ പിഴവാണ് കാലതാമസത്തിന് കാരണം |

സെക്ഷൻ ഓഫീസർ.